THE VILLAGE
INTERNATIONAL SCHOOL
“We Nurture Dreams”
AIM HIGH, TOGETHER WE FLY

വിശ്വം ദീപമയം

## ANSWER KEY

പര്യായ പദം

1.സൂര്യൻ, ആദിത്യൻ

2.ഭൂമി,ധര

3.രാവ്, രാത്രി

അർത്ഥം

4.ദുഃഖം

5.ഭൂമി

6.ഈശ്വരൻ

7.രാത്രി

8.പ്രകാശിപ്പിക്കൽ

**9.**പ്രയോഗം മാറ്റുക

കർണഭൂഷണം ഉള്ളൂരാൽ എഴുതപ്പെട്ടു

10.ബഹുമാന്യ ജനങ്ങളേ,

ജീവിതം സുഖദുഃഖ സമ്മിശ്രമാണ് .കാലങ്ങളോളം സുഖവും കാലങ്ങളും ദുഃഖവും ഒരാൾക്കും ഉണ്ടാകുന്നില്ല.ഇവ മാറി മാറി വരുന്നു .പക്ഷേ മനുഷ്യന് തന്റെ ദുഃഖങ്ങളെ ഓർത്ത് നിരാശപ്പെടുന്നു .സുഖത്തെപ്പോലെ പ്രധാനമുള്ളതാണ് ദുഖവും. പലപ്പോഴും ദുഃഖങ്ങളിൽ നിന്നാണ് മനുഷ്യൻ ശക്തമായ ജീവിത പാഠങ്ങൾ പഠിക്കുന്നത്. പുതിയ ഉണർവോടെ പുലരിയിൽ എഴുന്നേൽക്കണമെങ്കിൽ ഒരു രാവ് വിശ്രമിച്ചേ പറ്റൂ. പകൽ പോകുമ്പോൾ ദുഖിച്ചിട്ട് കാര്യമില്ല.പകൽ ഉന്മേഷത്തോടെ പ്രയത്നിക്കാനുംരാത്രി സമാധാനത്തോടെ വിശ്രമിക്കാനും വേണ്ടിയാണ് ഈശ്വരൻ ഇപ്രകാരം രാത്രി പകലുകളെ ക്രമീകരിച്ചിരിക്കുന്നത്. സൂര്യപ്രഭ മങ്ങുമ്പോൾ തന്നെ നക്ഷത്രങ്ങൾ പ്രകാശം ചൊരിയുന്നു. സന്ധ്യക്ക് വിളക്ക് കത്തിക്കാനായി നക്ഷത്രങ്ങൾ തയാർന്നിരിക്കുന്നു. ഇപ്രകാരം പ്രപഞ്ചം മനുഷ്യ നന്മക്കായി ഓരോ വസ്തുക്കളെയും സജ്ജമാക്കിയിരിക്കുന്നു. എന്നാൽ മനുഷ്യൻ ഇവ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. കാരണം നമുക്ക് ക്ഷമയില്ല. പ്രപഞ്ചമാകുന്ന ഗുരുനാഥൻ പഠിപ്പിച്ചു തരുന്ന വസ്തുതകൾ ക്ഷമയോടെ പഠികച്ചെടുക്കാതെ നിരാശനായി ലഭിക്കാത്ത കാര്യങ്ങൾക്കു വേണ്ടി അലയുകയാണ് നാം ഓരോരുത്തരും.

പ്രിയമുള്ളവരെ പുതിയ ഉന്മേഷത്തോടെ ഉണരും എന്ന് ഉറപ്പോടു കൂടിയാണ് നാം ഉറങ്ങുന്നത് എല്ലാകാര്യത്തിലും ഒരു പ്രതീക്ഷ എപ്പോഴും നമ്മോടൊപ്പം ഉണ്ടാകണം മനസ്സ് എപ്പോഴും ശുദ്ധമാക്കി വയ്ക്കണം നന്മയുടെ പ്രകാശം നിറയ്ക്കണം.നിരാശനാകാതെ ഊർജ്ജസ്വലനായിരിക്കണം. അങ്ങനെയായിരിക്കുമ്പോൾ ഏത് അർധരാത്രിയും നമുക്ക് പകലായി തോന്നും. ഏത് കഠിന പ്രവർത്തിയും ലളിതമായി

ഭവിക്കും. അതിനാൽ ശുഭാപ്തി വിശ്വാസത്തോടെ ജീവിക്കുക. പ്രശ്നങ്ങളിൽ തളർന്നു വീഴാതെ മുന്നോട്ടു പോവുക

11.

12.മനുഷ്യൻ ഇരുട്ടിനെ പഴിച്ചു നിൽക്കുമ്പോൾ മിന്നാമിനുങ്ങ് തന്റെ കൊച്ച് വെളിച്ചവുമായി ഇരുട്ടകറ്റാനെത്തുന്നു. അറിവാകുന്ന തീക്കോൽ കൈവശമുള്ള മനുഷ്യൻ മടിച്ചുനിൽകുന്നു. പരോപകാരത്താൽ ജീവിതം പ്രകാശ പൂർണമാക്കാൻ കഴിയുമെന്ന് മിന്നാമിനുങ്ങ് കാണിച്ചുതരുന്നു

13.ജീവിതം സുഖദുഃഖ സമ്മിശ്രമാണ്. ഈ കവിതയിലൂടെ ചുറ്റിലും സംഭവിക്കുന്ന എല്ലാത്തിലും ദൈവഹിതം കണ്ടെത്താൻ കഴിഞ്ഞാൽ ദുഖത്തിനിടയുണ്ടാവില്ല. തന്റെ സൃഷ്ടിയിൽപ്പെട്ട എല്ലാത്തിനും സ്ഥാനം നൽകുക മാത്രമാണ് ഈശ്വരൻ ചെയ്യുന്നത്. അത് ഈശ്വര ധർമവുമാണ്. രാത്രി പകൽ എന്നിവ മാറിമാറി വരുന്നതും ഈശ്വരന്റെ ഇശ്ചയാണ്.

ജോലി ചെയ്യുന്നതിനു ഇത്രയും പകൽ വിശ്രമിക്കുന്നതിനു ഇത്രയും രാത്രി മനുഷ്യന് ആവശ്യമാണ്. അല്ലാത്ത പക്ഷം വിശ്രമമില്ലാതെ മനുഷ്യന് സ്വന്തം ശരീരം ഊർജസ്വലമായി നിലനിർത്താൻ കഴിയില്ല. അതറിഞ്ഞിട്ടാവാം ദിവസത്തെ പോലും ദൈവം ഇപ്രകാരം ക്രമപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഈ സത്യമറിയാതെ രാത്രിയാകുമ്പോൾ കേഴുന്നത് എന്തിനാണെന്നാണ് കവി ചോദിക്കുന്നത്.